# പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 5732** **09/07/2012 ൽ മറുപടിക്ക്**

## പത്തനംതിട്ട എസ്. എസ്. എ. പ്രോജക്റ്റിൽ കമ്പ്യൂട്ടറുകൾ വാങ്ങിയതിന്റെ വിശദാംശങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. രാജു എബ്രഹാം: | ശ്രീ.പി.കെ. അബ്ദു റബ്ബ് (വിദ്യാഭ്യാസ വകുപ്പു മന്ത്രി) |
| എ) 2011–12 സാമ്പത്തിക വർഷം പത്തനംതിട്ട ജില്ലയിലെ എസ്. എസ്.എ. പ്രോജക്ടിൽ കമ്പ്യൂട്ടറുകൾ വാങ്ങിയതിന്റെ വിശദാംശങ്ങൾ വ്യക്തമാക്കാമോ; | എ) 2011–12 സാമ്പത്തിക വർഷം പത്തനംതിട്ട ജില്ലയിലെ എസ്. എസ്.എ. പ്രോജക്ടിൽ 107 ലാപ്ടോപ്പുകളാണ് വാങ്ങിയത്. എസ്.എസ്.എ.യുടെ ഫിനാൻഷ്യൽ മാനേജ്മെന്റ് & പ്രൊക്യൂർമെന്റു മാന്വൽ പ്രകാരമാണ് പർച്ചേസ് നടത്തിയിട്ടുള്ളത്. 3.2.2011- ൽ കൂടിയ ജില്ലാ പർച്ചേസ് കമ്മിറ്റി തീരുമാനപ്രകാരം ഇംഗ്ലീഷ് ഉൾപ്പെടെ മൂന്നു ദിനപ്പത്രങ്ങളിൽ ടെണ്ടർ പരസ്യം നൽകി, 15.02.2012 ലെ NEP3/80281/07/DPI നമ്പർ ഉത്തരവു പ്രകാരമുള്ള ഐ.റ്റി സ്കൂൾ സ്പെസിഫിക്കേഷനും വിലയും പരിഗണിച്ചാണ് ടെണ്ടർ പരസ്യം നൽകിയത്. മൂന്നു സ്ഥാപനങ്ങൾ നിശ്ചിത സമയത്തിനുള്ളിൽ ടെണ്ടർ നൽകി. ജില്ലാ പർച്ചേസ് കമ്മിറ്റി ടെണ്ടറുകൾ പരിശോധിക്കുകയും സിഡ്കോയ്ക്ക് പർച്ചേസ് ഓർഡർ നൽകുന്നതിനും തീരുമാനിക്കുകയും ചെയ്തു. എന്നാൽ എസ്.എസ്.എ.യുടെ ഫിനാൻഷ്യൽ മാനേജ്മെന്റ് & പ്രൊക്യൂർമെന്റു മാന്വൽ പ്രകാരമുള്ള സെക്യൂരിറ്റി ഡെപ്പോസിറ്റ് വയ്ക്കുന്നതിനോ വിൽപ്പനാനന്തര സേവനങ്ങൾ ഉറപ്പാക്കുന്നതിനോ സിഡ്കോയ്ക്കു നിയമമില്ലായെന്നു രേഖാമൂലം അറിയിച്ചു. സിഡ്കോ പിൻമാറിയ സാഹചര്യത്തിൽ 21.3.2012 ലെ ജില്ലാ പർച്ചേസ് കമ്മിറ്റി തീരുമാനപ്രകാരം തൊട്ടടുത്ത റേറ്റു ക്വോട്ടു ചെയ്ത ആർ.പി. ഇൻഫോസിസ്റ്റത്തിനു വർക്ക് ഓർഡർ നൽകി. |

(......2)

| | | | |
|---|---|---|---|
| ബി) | ജി. ഒ. (പി) നമ്പർ 385/2005 ഫിൻ 2008 ആഗസ്റ്റ് 27 എന്ന ഉത്തരവുപ്രകാരം ക്വട്ടേഷൻ ലഭിച്ച സിഡ്കോയെ എന്തു കൊണ്ടാണ് ഒഴിവാക്കിയത്; | ബി) | സിഡ്കോയെ ടെണ്ടറിൽ നിന്നും ഒഴിവാക്കിയതല്ല. എസ്.എസ്. എ.യുടെ പർച്ചേസ് മാന്വൽ പ്രകാരമുള്ള സെക്യൂരിറ്റി ഡെപ്പോസിറ്റും വിൽപ്പനാനന്തര സേവനവും നൽകാൻ സിഡ്കോയുടെ നിയമങ്ങൾ അനുവദിക്കുന്നില്ല എന്ന കാരണംപറഞ്ഞ് സിഡ്കോ കരാറിൽ നിന്നും പിൻമാറുകയായിരുന്നു. |
| സി) | സർക്കാർ അക്രിഡിറ്റഡ് ഏജൻസികൾ നിരതദ്രവ്യം കെട്ടിവെയ്ക്കേണ്ടതില്ല എന്ന് സർക്കാർ ഉത്തരവിൽ പറഞ്ഞിട്ടും, തുകകെട്ടിവെയ്ക്കാൻ സിഡ്കോയോട് ആവശ്യപ്പെട്ടിട്ടുണ്ടോ; എങ്കിൽ എന്ത്കൊണ്ട്; | സി) | സിഡ്കോയെ ടെണ്ടറിൽ നിന്നും ഒഴിവാക്കിയതല്ല. കേന്ദ്രമാനവ വിഭവ ശേഷി വികസന മന്ത്രാലയം (എം.എച്ച്.ആർ.ഡി) പുറപ്പെടുവിച്ചുള്ള എസ്.എസ്.എ.യുടെ പർച്ചേസ് മാന്വൽ (ഫിനാൻഷ്യൽ മാനേജ്മെന്റ് & പ്രൊക്യൂർമെന്റു മാന്വൽ ) പ്രകാരമുള്ള നിശ്ചിത സെക്യൂരിറ്റി ഡെപ്പോസിറ്റും വിൽപ്പനാനന്തര സേവനവും ആവശ്യമാണ്. പ്രസ്തുത നിയമ പ്രകാരം ഒരു സ്ഥാപനത്തിന്റേയും സെക്യൂരിറ്റി ഡെപ്പോസിറ്റും നിരതദ്രവ്യവും ഒഴിവാക്കിയിട്ടില്ല. |
| ഡി) | ഉത്തരവിന് വിരുദ്ധമായി കമ്പ്യൂട്ടർ വാങ്ങിയത് ഏത് ഏജൻസിയിൽ നിന്നാണ്; സർക്കാർ ഉത്തരവിന് വിരുദ്ധമായി കമ്പ്യൂട്ടർ വാങ്ങിയവർക്കെതിരെ അന്വേഷണം നടത്തുമോ; | ഡി) | എസ്.എസ്.എ.യുടെ ഫിനാൻഷ്യൽ മാനേജ്മെന്റ് & പ്രൊക്യൂർമെന്റു മാന്വൽ പ്രകാരം 15.02.2012 ലെ NEP3/80281/07/DPI നമ്പർ ഉത്തരവ്, കാലാകാലങ്ങളിൽ എസ്.എസ്.എ സംസ്ഥാന ഓഫീസിൽ നിന്നുലഭിക്കുന്ന നിർദ്ദേശങ്ങൾ ഇവ പാലിച്ചു കൊണ്ടാണ് കമ്പ്യൂട്ടർ വാങ്ങിയിട്ടുള്ളത്. ഉത്തരവുകൾക്കു വിരുദ്ധമായി യാതൊരുവിധ പർച്ചേസുകളും നടത്തിയിട്ടില്ല. |
| ഇ) | പൊതു മേഖലാ സ്ഥാപനങ്ങളെ ഒഴിവാക്കി കമ്പ്യൂട്ടർ കച്ചവടം നടത്തിയവർക്കെതിരെ എന്തെല്ലാം നിയമ നടപടികൾ സ്വീകരിക്കുവാനാണ് ഇപ്പോൾ വ്യവസ്ഥയുള്ളത്; എങ്കിൽ നിലവിലുള്ള നിയമങ്ങൾ പ്രകാരം നടപടി സ്വീകരിക്കുമോ? | ഇ) | പൊതുമേഖലാ സ്ഥാപനങ്ങളിൽ നിന്നുമാത്രമേ ഓപ്പൺ ടെണ്ടർ പ്രകാരം പർച്ചേസ് നടത്തുമ്പോൾ കമ്പ്യൂട്ടർ വാങ്ങാൻ പാടുള്ളുവെന്ന് ഫിനാൻഷ്യൽ മാനേജ്മെന്റ് & പ്രൊക്യൂർമെന്റു മാന്വൽ (കേന്ദ്രമാനവ വിഭവ ശേഷി വികസന മന്ത്രാലയംപുറപ്പെടുവിച്ചുള്ള) അനുശാസിക്കുന്നില്ല. |

സെക്ഷൻ ഓഫീസർ